"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പട്ടാമ്പി ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിസ്റ്ററി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.കവിത പി.സി യെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കോഴിക്കോട് കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3090/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

---

പരാമർശം:-

1. ശ്രീമതി.കവിത പി.സി. യുടെ 08.11.2022 ലെ അപേക്ഷ.
2. പ്രിൻസിപ്പാൾ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,പട്ടാമ്പിയുടെ 09.11.2022 തിയതിയിലെ ഡി1/2022-23 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടാമ്പി ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിസ്റ്ററി) തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന ശ്രീമതി.കവിത പി.സി യെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ കേരള സേവന ചട്ടങ്ങൾ ഭാഗം I ചട്ടം 144 ലെ വ്യവസ്ഥകൾക്ക് വിധേയമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയമായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ വിലക്ക് ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

പകർപ്പ്

ഡയറക്ടർ (അർബൻ), എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

**മേയർ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.**

സ.ഉ.(സാധാ) നം.3090/2022/LSGD

ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം.

പ്രിൻസിപ്പാൾ ,ഗവ.ഹയർ സെക്കണ്ടറി സ്കൂൾ,പട്ടാമ്പി,പാലക്കാട്.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി.കവിത പി.സി,ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിസ്റ്ററി)
(പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ കേരള,തൃശ്ശൂർ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Sonu Jacob**
**Date: 13-12-2022 12:58:33**
സെക്ഷൻ ഓഫീസർ